**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1097** **02-02-2026 - ൽ മറുപടിയ്ക്ക്**

**ജലനയ രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ജല ഉപഭോഗവും ജല സംരക്ഷണവും ജല വിതരണവും കാലോചിതമായ പരിഷ്കരണങ്ങൾക്ക് വിധേയമാക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | അനുബന്ധം(എ) ആയി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്തെ എല്ലാത്തരം ജല സ്രോതസ്സുകളുടെയും ശാസ്ത്രീയമായ വിനിയോഗം, സംരക്ഷണം എന്നിവയെ സംബന്ധിക്കുന്ന സമഗ്രമായ ജല നയത്തിന്റെ കരട് തയ്യാറാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ; | (ബി) | **2012 -ലെ ദേശീയ ജലനയം പരിഗണിച്ചും, നിലവിലെ സംസ്ഥാന ജലനയം (2008) പരിഷ്കരിക്കുന്നതിന് ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റിക്ക് സർക്കാർ രൂപം നൽകി. കമ്മിറ്റി അംഗങ്ങളിൽ നിന്നും, വിദഗ്ധരിൽ നിന്നും, ബന്ധപ്പെട്ട വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളുടെയും, പൊതുജനങ്ങൾ, ജനപ്രതിനിധികൾ ഉടങ്ങിയവരിൽ നിന്നും ലഭ്യമായ അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ സംസ്ഥാന ജലനയത്തിന്റെ അന്തിമ കരട് വിവിധ സ്റ്റേക്ക് ഹോൾഡർ സെക്രട്ടറിമാരുടെയും വകുപ്പ് സെക്രട്ടറിമാരുടെയും അഭിപ്രായത്തിനായി നൽകിയിരിക്കുകയാണ്** |
| (സി) | എങ്കിൽ ഭൂഗർഭജല സംരക്ഷണവും വിനിയോഗവും ക്രമപ്പെടുത്തുന്നതിന് എന്തെല്ലാം നയപരിപാടികളാണ് ഇതിലൂടെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | അനുബന്ധം(ബി)ആയി ചേർക്കുന്നു |
| (ഡി) | ജലനയം നടപ്പിലാക്കുന്നതോടെ അതിവേഗം നഗരവത്കരിച്ചുകൊണ്ടിരിക്കുന്ന കേരളത്തിലെ ജലവിതരണ സംവിധാനങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ കൊണ്ടുവരാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ? | (ഡി) | **2012 -ലെ ദേശീയ ജലനയം പരിഗണിച്ചും, നിലവിലെ സംസ്ഥാന ജലനയം (2008) പരിഷ്കരിക്കുന്നതിന് ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റിക്ക് സർക്കാർ രൂപം നൽകി. കമ്മിറ്റി അംഗങ്ങളിൽ നിന്നും, വിദഗ്ധരിൽ നിന്നും, ബന്ധപ്പെട്ട വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളുടെയും, പൊതുജനങ്ങൾ, ജനപ്രതിനിധികൾ ഉടങ്ങിയവരിൽ നിന്നും ലഭ്യമായ അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ സംസ്ഥാന ജലനയത്തിന്റെ അന്തിമ** |

| | | | |
|---|---|---|---|
| | | | **കരട് വിവിധ സ്റ്റേക്ക് ഹോൾഡർ സെക്രട്ടറിമാരുടെയും വകുപ്പ് സെക്രട്ടറിമാരുടെയും അഭിപ്രായത്തിനായി നല് കിയിരിക്കുകയാണ്. ജലനയം ഔദ്യോഗികമായി പ്രസിദ്ധീകരിച്ചതിന് ശേഷമേ വിശദാംശം ലഭ്യമാക്കുവാൻ സാധിക്കുകയുള്ളൂ.** |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം(എ)**</u>

സംസ്ഥാനത്തെ ജല ഉപഭോഗവും, ജല സംരക്ഷണവും, ജല വിതരണവും കാലോചിതമായ പരിഷ്കരണങ്ങൾക്ക് വിധേയമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലാവസ്ഥ വ്യതിയാനം മൂലം സംസ്ഥാനത്ത് വെള്ളപ്പൊക്കം, വരൾച്ച, അതി തീവ്ര മഴ എന്നിവ അടിക്കടി ഉണ്ടാകുന്നു. ഇത് സംസ്ഥാനത്തെ ജലസമ്പത്തിനെ കാര്യമായി ബാധിക്കുന്നു. ഇത് മൂലം രൂക്ഷമായ ജലക്ഷാമം, കാലാവസ്ഥ വ്യതിയാനം, ജല മലിനീകരണം, ജലസ്രോതസ്സുകളുടെ ശോഷണം എന്നിവ സംഭവിക്കുന്നു. ഇവ പരിഹരിക്കുന്നതിന്റെയും, കേരളത്തിലെ ജലവിഭവങ്ങളുടെ ശാസ്ത്രീയമായ വിനിയോഗവും, പരിപാലനവും, സംരക്ഷണവും, സുസ്ഥിരമായ ജലവിനിയോഗം എന്നിവ ഉറപ്പാക്കുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തെ ജല ഉപഭോഗവും, ജല സംരക്ഷണവും, ജല വിതരണവും കാലോചിതമായ പരിഷ്കരണങ്ങൾക്ക് വിധേയമാക്കേണ്ടത് അഭികാമ്യമാണ്.

44 നദികളുള്ളതും സമൃദ്ധമായ മഴ ലഭിക്കുന്നതുമായ കേരളം, വേനൽക്കാലത്ത് പലപ്പോഴും ജലക്ഷാമം നേരിടുന്നുണ്ട്. മാറുന്ന കാലാവസ്ഥാ സാഹചര്യങ്ങളിൽ കേരളത്തിലെ ജലവിനിയോഗം, സംരക്ഷണം, വിതരണം എന്നീ മേഖലകളിൽ അടിയന്തരവും കാലോചിതവുമായ പരിഷ്കാരങ്ങൾ അനിവാര്യമാണ്. സംസ്ഥാനത്ത് പ്രതിശീർഷ ജല ഉപഭോഗം വർധിച്ചുവരുന്നത് കണക്കിലെടുത്ത്, ജലത്തിന്റെ അശാസ്ത്രീയമായ ഉപയോഗം കർശനമായി നിയന്ത്രിക്കേണ്ടതുണ്ട്. ശുദ്ധീകരിച്ച ജലത്തിന്റെ ദുരുപയോഗം കുറയ്ക്കുന്നതിനൊപ്പം, മലിനജലം ശാസ്ത്രീയമായി ശുദ്ധീകരിച്ച് പുനരുപയോഗിക്കുന്ന രീതികൾ പ്രോത്സാഹിപ്പിക്കുന്നത് വലിയൊരു പരിധി വരെ ജലക്ഷാമം പരിഹരിക്കാൻ സഹായിക്കും. ലഭ്യമായ മഴവെള്ളം കടലിലേക്ക് ഒഴുകിപ്പോകാതെ പരമാവധി സംഭരിക്കുകയും മണ്ണിലേക്ക് ഇറക്കി വിടുകയും ചെയ്യേണ്ടത് ഭൂഗർഭ ജലവിതാനം നിലനിർത്താൻ അത്യാവശ്യമാണ്. ഇതിനായി മഴവെള്ള സംഭരണികൾ, കിണർ റീചാർജിങ് സംവിധാനങ്ങൾ എന്നിവ കർശനമായി നടപ്പിലാക്കാവുന്നതാണ്. അതോടൊപ്പം തന്നെ, നദികളിലെയും തോടുകളിലെയും നീരൊഴുക്ക് നിലനിർത്താൻ സ്വാഭാവിക ജലസംഭരണികളെ സംരക്ഷിക്കുകയും വനനശീകരണം തടയുകയും വേണം.

ജലവിതരണ രംഗത്ത് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അത്യാധുനിക സാങ്കേതികവിദ്യകളായ ഓട്ടോമേഷൻ, ഫ്ലോ മീറ്ററുകൾ, ജല ചോർച്ച കണ്ടെത്താനുള്ള നൂതന

മാർഗ്ഗങ്ങൾ തുടങ്ങിയവ ഏർപ്പാടാക്കേണ്ടതുണ്ട്. കാലഹരണപ്പെട്ടതും ചോർച്ചയുള്ളതുമായ പഴയ പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിക്കുകയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പാക്കുന്നതും വഴി ജലനഷ്ടം ഗണ്യമായി കുറയ്ക്കാൻ സാധിക്കും. കൂടാതെ, പമ്പ് ഹൗസുകളിലും മറ്റും സൗരോർജ്ജം പോലുള്ള പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നത് സാമ്പത്തിക ലാഭത്തിനും പരിസ്ഥിതി സംരക്ഷണത്തിനും ഒരുപോലെ ഗുണകരമാണ്.

കാലാവസ്ഥാ വ്യതിയാനം, അതിശക്തമായ മഴ, പ്രളയങ്ങൾ, ഉരുൾപൊട്ടലുകൾ, നീണ്ട വരൾച്ച, കടൽനിരപ്പ് ഉയരൽ എന്നിവ മൂലം സംസ്ഥാനത്ത് ജലലഭ്യതയിൽ വെല്ലുവിളികൾ നേരിടുന്നു, അത് കുടിവെള്ള വിതരണം, കൃഷി, ജലസേചനം, വ്യവസായം, ജലവൈദ്യുത ഉത്പാദനം, പരിസ്ഥിതി സേവനങ്ങൾ എന്നിവയെ പ്രതികൂലമായി ബാധിക്കുന്നു. ഈ സാഹചര്യത്തിൽ, കുടിവെള്ളത്തെ സാമൂഹിക അവകാശമായി കണക്കാക്കി എല്ലാവർക്കും സുരക്ഷിത കുടിവെള്ളം ഉറപ്പാക്കുന്നതിനൊപ്പം, ഉപരിതലജല-ഭൂജല സംരക്ഷണം, ജലഗുണനിലവാര മെച്ചപ്പെടുത്തൽ, ജലത്തിന്റെ പുനരുപയോഗവും പുനഃചംക്രമണവും ഉൾപ്പെടുത്തി സംസ്ഥാന ജലനയവും ജലമേഖലയിലെ പ്രവർത്തനരീതികളും ശാസ്ത്രീയമായും സുസ്ഥിരമായും പുനഃപരിശോധിക്കേണ്ടത് അനിവാര്യമാണ് എന്ന് മനസിലാക്കുകയും അപ്രകാരം പുതുക്കിയ കരട് ജലനയം തയ്യാറാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

നിലവിൽ വ്യാവസായിക അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ഭൂജല ഉപയോഗത്തിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ നിരാക്ഷേപ സാക്ഷ്യപത്രം (NOC) ആവശ്യമാണ്. ഇത്തരം പദ്ധതികൾക്ക് കൃത്രിമ ഭൂജല സംപോഷണ പദ്ധതി നിർബന്ധമാണ് . വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ ജലം അമിതമായി ഉപയോഗിക്കുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് NOC നൽകി വരുന്നില്ല. കൂടാതെ ഭൂജല സംരക്ഷണത്തിനായി വകുപ്പിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂജല സംപോഷണ പദ്ധതികൾ സംസ്ഥാനത്തൊട്ടാകെ വകുപ്പ് നടപ്പിലാക്കി വരുന്നു. നടപ്പ് സാമ്പത്തിക വർഷം 6 കോടി രൂപ പ്രസ്തുത പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പൈലറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ ബ്ലോക്കുകളിലെ ഗാർഹിക പ്രൈവറ്റ് സ്ഥാപനങ്ങളിൽ സബ്സിഡി അടിസ്ഥാനത്തിൽ (80%subsidy) കുഴൽ കിണർ റീചാർജ് ചെയ്യുന്നതിനായുള്ള പദ്ധതി ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. വകുപ്പ് നടപ്പിലാക്കുന്ന

കുടിവെള്ള വിതരണ പദ്ധതികളിൽ ഭൂജല സ്രോതസുകളുടെ സുസ്ഥിരത ഉറപ്പു വരുത്തുന്നതിനായി സാധ്യമായ സ്ഥലങ്ങളിൽ റീചാർജ് പദ്ധതികൾ നടപ്പിലാക്കുകയും ഗുണനിലവാരം ഉറപ്പു വരുത്തി ആവശ്യമുള്ള പക്ഷം വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ കൂടി ഉൾപ്പെടുത്തി കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നു. കൂടാതെ ടാങ്കർ ലോറി വഴിയുള്ള ഭൂജല വിതരണവും ആയതിനായുള്ള ഭൂജല ഉപയോഗവും നിയന്ത്രിക്കുന്നതിനും നിയമ വിധേയമാക്കുന്നതിനുമായുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**അനുബന്ധം(ബി)**

സംസ്ഥാനത്തിന്റെ ഭൂഗർഭജല സ്രോതസ്സുകൾ കേന്ദ്ര ഭൂഗർഭ ജല ബോർഡും സംസ്ഥാന ഭൂഗർഭ ജല വകുപ്പും സംയുക്തമായി വിലയിരുത്തുന്നതിനും, കുഴിച്ച കിണറുകളുടെയും പീസോമീറ്ററുകളുടെയും നിരീക്ഷണ ശൃംഖല ഭൂഗർഭജല വകുപ്പ് പരിപാലിക്കുന്നതിനും, പ്രതിമാസ ഭൂഗർഭജല വരൾച്ച സൂചിക വകുപ്പ് തയ്യാറാക്കുകയും ഈ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി വരൾച്ച ബാധിത പ്രദേശങ്ങളിലെ ഭൂഗർഭജല സ്രോതസ്സുകളുടെ വികസനം ജില്ലാ ഭരണകൂടം നിയന്ത്രിക്കുന്നതിനും വേണ്ടി ഉള്ള നയപരിപാടികൾ എന്നിവയ്ക്ക് പുതുക്കിയ ജലനയത്തിൽ ഊന്നൽ നൽകിയിട്ടുണ്ട്.

ഭൂഗർഭജല റീചാർജ് ഘടനകൾ നടപ്പിലാക്കുന്നത് ശാസ്ത്രീയമായി ആസൂത്രണം ചെയ്യുന്നതിനും, കൃഷി ആവശ്യങ്ങൾക്കായി വേർതിരിച്ചെടുക്കുന്ന ഭൂഗർഭജലം ജലസംരക്ഷണ ഉപകരണങ്ങൾ വഴി കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും, ഭൂഗർഭജലത്തിന്റെയും മറ്റ് ജലസ്രോതസ്സുകളുടെയും സംരക്ഷണത്തിനായി നീർത്തട അധിഷ്ഠിത ഇടപെടലുകളുടെ ആവശ്യകതയെക്കുറിച്ചും വിവരങ്ങൾ നൽകുന്നതിന് ഭൂഗർഭജല നിയന്ത്രണ പദ്ധതി ആസൂത്രണം ചെയ്യുന്നതിനും, വ്യാവസായിക ആവശ്യങ്ങൾക്കുള്ള ഭൂഗർഭജലത്തിന്റെ ഉപയോഗം ഡിജിറ്റൽ ടാമ്പർ പ്രൂഫ് വാട്ടർ ഫ്ലോ മീറ്ററുകൾ വഴി നിയന്ത്രണ വിധേയമാക്കുന്നതിനും, കാർഷിക ആവശ്യങ്ങൾക്കായി വേർതിരിച്ചെടുക്കുന്ന ഭൂഗർഭജലം ജലസംരക്ഷണ ഉപകരണങ്ങൾ വഴി കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനും, ജലനയ രൂപീകരണത്തിലൂടെ ഉദ്ദേശിക്കുന്നു. ഇതിലൂടെ, ഭൂഗർഭ ജല സംരക്ഷണവും, വിനിയോഗവും ക്രമപ്പെടുത്തുന്നതിന് സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഭൂജല സംരക്ഷണത്തിനായി വകുപ്പിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂജല സംപോഷണ പദ്ധതികൾ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കി വരുന്നു. നടപ്പ സാമ്പത്തിക വർഷം 6 കോടി രൂപ പ്രസ്തുത പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പൈലറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ ബ്ലോക്കുകളിലെ ഗാർഹിക പ്രൈവറ്റ് സ്ഥാപനങ്ങളിൽ സബ്സിഡി അടിസ്ഥാനത്തിൽ (80%) കുഴൽ കിണർ റീചാർജ് ചെയ്യുന്നതിനായുള്ള പദ്ധതി ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ട്. വകുപ്പ് നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതികളിൽ ഭൂജല സ്രോതസുകളുടെ സുസ്ഥിരത ഉറപ്പ

വരുത്തുന്നതിനായി സാധ്യമായ സ്ഥലങ്ങളിലും റീചാർജ് പദ്ധതികൾ നടപ്പിലാക്കി വരുന്നു. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം വ്യാവസായിക അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായുള്ള ഭൂജല ഉപയോഗത്തിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ മുൻകൂർ അനുമതി (NOC) ആവശ്യമാണ്. നിരാക്ഷേപപത്ര വ്യവസ്ഥകളുടെ (NOC) ഭാഗമായി മഴവെള്ളം ഭൂമിയിലേക്ക് ഇറക്കിവിടുന്നതിനുള്ള കൃതിമ ഭൂജല റീചാർജിങ് (Rainwater Harvesting/Recharging) സംവിധാനം ഏർപ്പെടുത്തണമെന്ന നിബന്ധന ഭൂജല സുസ്ഥിരത ഉറപ്പ് വരുത്തുന്നതിനായി നിഷ്കർഷിച്ച് വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ നടപ്പിലാക്കി വരുന്നു. കേരളം ഭൂജല നിയന്ത്രണവും ക്രമീകരണവും ആക്ട് 2002 സെക്ഷൻ 6 പ്രകാരം ഒരു പ്രദേശത്തെ ഭൂജല ചൂഷണം നിയന്ത്രിക്കണമെന്നോ ക്രമീകരിക്കണമെന്നോ ആവശ്യകത ഉള്ള പക്ഷം ,ആ പ്രദേശത്തെ'വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശം' (Notified Area) ആയി പ്രഖ്യാപിച്ച് വരുന്നു. ഇത്തരത്തിൽ വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളിൽ ഗാർഹിക ആവശ്യത്തിനുള്ള തുറന്ന കിണറുകൾ ഒഴികെയുള്ള മറ്റെല്ലാ ഭൂജല സ്രോതസുകളുടെ നിർമ്മാണത്തിനും സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധമാണ്. ടി പ്രദേശങ്ങളിൽ ജലം അമിതമായി ഉപയോഗിക്കുന്ന(Water Intensive) വിഭാഗത്തിൽപ്പെട്ട വ്യാവസായിക സ്ഥാപനങ്ങൾക്ക് ഭൂജല ചൂഷണത്തിനായി സംസ്ഥാന ഭൂജല അതോറിറ്റി നിലവിൽ നിരാക്ഷേപപത്രം(NOC) നൽകാറില്ല.